## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3775 — 26.06.2012-ൽ മറുപടിയ്ക്ക്

## കായിക പരിശീലന കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.കെ.കെ.നാരായണൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കായികതാരങ്ങളെ ഒളിമ്പിക്സ്, കോമൺവെൽത്ത്, ഏഷ്യൻ ഗെയിംസ് പോലുള്ള മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്ന തരത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ കായികതാരങ്ങളെ ഒളിമ്പിക്സ്, കോമൺ വെൽത്ത്, ഏഷ്യൻ ഗെയിംസ് പോലുള്ള മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്ന തിനായി അന്തർദ്ദേശീയ നിലവാരത്തിലുള്ള കായിക ഉപകരണങ്ങളും പരിശീലന സൗകര്യങ്ങളും പ്രഗത്ഭരായ വിദേശകോച്ചുമാരുടെ സേവനവും ലഭ്യമാക്കുന്നതോടൊപ്പം അർഹരായ കായിക താരങ്ങൾക്ക് വിദേശത്ത് പരിശീലനത്തിനും മത്സരങ്ങളിൽ വ്യത്യസ്തമായ കാലാവസ്ഥയിലും അത്യാധുനിക കായിക സമുച്ചയങ്ങളിലും അന്തർദ്ദേശീയ താരങ്ങൾക്കൊപ്പം മാറ്റുരയ്ക്കുന്നതിനും അവസരം ഉണ്ടാകുന്ന തരത്തിൽ 'ഗോ ഫോർ ഗോൾഡ്', എലൈറ്റ് ട്രെയിനിംഗ് സെന്റർ' എന്നീ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കായിക താരങ്ങൾക്ക് വിദ്യാഭ്യാസത്തിനു ശേഷം അവരുടെ പ്രതിഭ തെളിയിക്കാൻ അവസരം ഇല്ലാത്തത് പരിഹരിക്കാൻ ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ . വിശദമാക്കാമോ ; | (ബി) | നിലവിൽ ഇതിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ മികച്ച കായിക താരങ്ങൾക്ക് വിദ്യാഭ്യാസത്തിനുശേഷം കായിക രംഗത്ത് തുടരുന്നത് പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങൾ, പോലീസ് പോലുള്ള വകുപ്പുകളിലും പലയിനങ്ങളിൽ ടീമുകൾ ഉണ്ടാക്കുന്നതിന് അവസരമൊരുക്കിയും വിവിധ വകുപ്പുകളിൽ സ്പോർട്സ് ക്വോട്ടാ നിയമനം കുറ്റമറ്റതാക്കി സമയബന്ധിതമായി നടത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രൊഫഷണൽ കോഴ്സുകൾക്കടക്കം സ്പോർട്സ് ക്വാട്ട മാനദണ്ഡം പുതുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ . വിശദമാക്കാമോ ? | (സി) | പ്രൊഫഷണൽ കോഴ്സുകൾക്കടക്കം സ്പോർട്സ് ക്വാട്ട മാനദണ്ഡം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ